"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ്- സാമൂഹ്യ സുരക്ഷാ പെൻഷൻ- ഇ.പി.എഫ് പെൻഷൻ ലഭിച്ചുവരുന്നവർക്ക് അനുവദിച്ചു വരുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ/ ക്ഷേമനിധി ബോർഡു പെൻഷൻ തുക പുനർ നിർണ്ണയിച്ച്/ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്.എഫ്.സി. സെൽ- ബി) വകുപ്പ്**

സ.ഉ. (എംഎസ്) നം.196/2022/ധന. തീയതി, തിരുവനന്തപുരം, 02.11.2022

പരാമർശം:- 1. സ.ഉ.(എം എസ്)നം. 97/2020/ധന. തീയതി 23.09.2020
2. സ.ഉ (എം എസ്)നം. 01/2021/ധന. തീയതി 04.01.2021

**ഉത്തരവ്**

കശുവണ്ടി, കയർ, കൈത്തറി തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങൾ ഉൾപ്പെടെയുള്ള തൊഴിൽ മേഖലകളിൽ പ്രവൃത്തിയെടുക്കുന്ന സാധാരണ തൊഴിലാളികൾക്കും, പൊതുമേഖലാ സ്ഥാപനങ്ങളിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയോ അല്ലാതെയോ നിയമനം ലഭിക്കുന്ന എക്സിക്യൂട്ടീവ് ഉൾപ്പെടെയുള്ള സ്റ്റാഫുകൾക്കും അവർ സേവനത്തിൽ നിന്നും വിരമിക്കുമ്പോൾ ഇ.പി.എഫ് പെൻഷൻ ലഭിക്കുന്നുണ്ട്. എക്സിക്യൂട്ടീവ് ഉൾപ്പെടെയുള്ള സ്റ്റാഫുകൾക്ക് ലഭിക്കുന്നതിനേക്കാൾ വളരെ കുറഞ്ഞ നിരക്കിലാണ് തൊഴിലാളികൾക്ക് ഇ.പി.എഫ് തുകയും പെൻഷനും ലഭിക്കുന്നത്. സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടാവുകയും, ആയതിന് ആനുപാതികമായി അനുവദിക്കേണ്ട പെൻഷൻ തുകയിൽ വലിയ വർദ്ധനവുണ്ടാകുകയും ചെയ്യുന്ന നിലവിലെ സാഹചര്യം കൂടി കണക്കിലെടുക്കുമ്പോൾ, അർഹതപ്പെട്ട നിരക്കുകളിൽ പെൻഷൻ അനുവദിക്കേണ്ടത് അനിവാര്യമാണ്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഇ.പി.എഫ് പെൻഷൻ ലഭിക്കുന്നവർക്ക് അനുവദിച്ചു വരുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ നിരക്ക് പുനർ നിർണ്ണയിച്ചുകൊണ്ടുള്ള പരാമർശം (2) ഉത്തരവിലെ ഖണ്ഡിക 2(1), (2) എന്നിവ ചുവടെ ചേർത്ത പ്രകാരം പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(1) കേന്ദ്ര-സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും വിരമിച്ച എക്സിക്യൂട്ടീവുകൾ/ സ്റ്റാഫുകൾ എന്നിവരിൽ 4000/- രൂപവരെ ഇ.പി.എഫ് പെൻഷൻ ലഭിക്കുന്നവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ 600/- രൂപ നിരക്കിൽ മാത്രം ലഭിക്കാൻ അർഹതയുണ്ടായിരിക്കും. ഈ വിഭാഗം ജീവനക്കാരിൽ 4000/- രൂപയ്ക്ക് മുകളിൽ ഇ.പി.എഫ് പെൻഷൻ ലഭിക്കുന്നവർക്ക്

സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല എന്നാൽ, ഈ വിഭാഗത്തിൽപ്പെടുന്നവർക്ക് ക്ഷേമനിധി ബോർഡ് പെൻഷൻ 600/- രൂപ നിരക്കിൽ ലഭിക്കാൻ അർഹതയുണ്ടായിരിക്കും.

(2) ഇ. പി. എഫ് പെൻഷൻ ലഭിക്കുന്ന വിരമിച്ച തൊഴിലാളികളിൽ 4000/- രൂപവരെ ഇ.പി.എഫ് പെൻഷൻ ലഭിക്കുന്നവർക്ക് സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡ് പെൻഷൻ സാധാരണ നിരക്കിലും, 4000/- രൂപയ്ക്ക് മുകളിൽ ഇ.പി.എഫ് പെൻഷൻ ലഭിക്കുന്നവർക്ക് സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡ് പെൻഷൻ 600/- രൂപ നിരക്കിലും ലഭിക്കാൻ അർഹതയുണ്ടായിരിക്കും.

3. പുതുക്കിയ പെൻഷൻ നിരക്കുകൾ പുതിയ പെൻഷൻ അപേക്ഷകർക്ക് ബാധകമാക്കുന്നതോടൊപ്പം, നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്നവർക്ക് മുകളിൽ പറഞ്ഞ നിരക്കിൽ പെൻഷനുകൾ ലഭ്യമാക്കുന്നതിനായി, ഇ.പി.എഫ് പെൻഷൻ ലഭിക്കുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ പ്രാദേശിക സർക്കാർ അടിസ്ഥാനത്തിൽ തരം തിരിച്ച് ലഭ്യമാക്കാൻ ഇൻഫർമേഷൻ കേരള മിഷനെയും, ഇ.പി.എഫ് പെൻഷൻ ലഭിക്കുന്ന ക്ഷേമ നിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ ശേഖരിക്കാൻ ബന്ധപ്പെട്ട ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാരെയും ചുമതലപ്പെടുത്തുന്നു. ഇത്തരത്തിൽ കണ്ടെത്തുന്ന ഗുണഭോക്താക്കളിൽ, ഇ.പി.എഫ് പെൻഷൻ ലഭിക്കുന്ന തൊഴിലാളികൾ, ഇ.പി.എഫ് പെൻഷൻ ലഭിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും വിരമിച്ച എക്സിക്യൂട്ടീവുകൾ/ സ്റ്റാഫുകൾ എന്നിവർക്ക് അർഹതപ്പെട്ട നിരക്കിൽ പെൻഷൻ പുനർ നിർണ്ണയിച്ച് നൽകുന്നതിനും, പരിഷ്കരിച്ച രീതിയിൽ അനർഹരായവരെ പെൻഷൻ ഡാറ്റാ-ബേസിൽ നിന്നും ഒഴിവാക്കുന്നതിനുമായി ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിമാർ, ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർ എന്നിവരെ ചുമതലപ്പെടുത്തുന്നു.

4. പരാമർശം 2 ഉത്തരവിലെ മറ്റ് നിർദ്ദേശങ്ങൾ അതേപടി നിലനിൽക്കുന്നതായിരിക്കും.

5. പരാമർശം 2-ലെ ഉത്തരവ് ഇത്തരത്തിൽ ഭേദഗതി ചെയ്യുകൊള്ളുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ബിശ്വനാഥ് സിൻഹ**
**അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, വിവിധ ക്ഷേമനിധി ബോർഡുകൾ

സഹകരണ സംഘം രജിസ്ട്രാർ

തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്

എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

എല്ലാ മുൻസിപ്പാലിറ്റി/ മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും

(നഗരകാര്യ ഡയറക്ടർ മുഖേന)

മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം,

വിവര പൊതുജന സമ്പർക്ക വകുപ്പ്.

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ